## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1274

31/10/2019 -ൽ മറുപടിയ്ക്ക്

## മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങളുടെ രജിസ്ട്രേഷൻ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊളിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ള മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങൾ വിൽപ്പന നടത്തിയപ്പോൾ അത് വില കുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്തത് വഴി സർക്കാരിന് ലഭിക്കേണ്ട രജിസ്ട്രേഷൻ തുകയിലും, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | (എ) ഉണ്ട്. ആധാരത്തിൽ വില കുറച്ച് രജിസ്റ്റർ ചെയ്തതായുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ മരടിലെ ഫ്ലാറ്റ് സമുച്ചയങ്ങളിൽ 134 ആധാരങ്ങളിൽ കേരള സ്റ്റാംപ്ആക്റ്റ് 45 (ബി) പ്രകാരം അണ്ടർ വാല്യുവേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 69 കേസുകളിൽ കുറവ് തുക അടച്ചിട്ടുണ്ട് |
| (ബി) രജിസ്ട്രേഷനിൽ മുദ്രവില കുറഞ്ഞതിന് ഏതെങ്കിലും ഫ്ലാറ്റുടമകൾക്ക് മരട് സബ്-രജിസ്ട്രാർ ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (ബി) ഇല്ല, എറണാകുളം ജില്ലാ രജിസ്ട്രാരുടെ കാര്യാലയത്തിലെ നിന്നാണ് പ്രസ്തുത കേസുകളിൽ നോട്ടീസ് നൽകിയിട്ടുള്ളത്. |
| (സി) ഫ്ലാറ്റുടമകൾക്ക് നൽകുന്ന നഷ്ടപരിഹാരം, അവർ രജിസ്ട്രേഷൻ ചെയ്ത തുക കൂടി പരിശോധിച്ച ശേഷമാണോ എന്നതിൽ വ്യക്തമായ വിശദാംശം നൽകുമോ? | (സി) ഫ്ലാറ്റുകൾ രജിസ്റ്റർ ചെയ്ത തുകയുടെ കൂടി അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനാണ് റിട്ടയേർഡ് ജസ്റ്റീസ് ബാലകൃഷ്ണനായർ കമ്മീഷൻ തീരുമാനം എടുത്തിരുന്നത്. എന്നാൽ ഓരോ ഫ്ലാറ്റുടമയ്ക്കും 25,00,000/- രൂപ വീതം നഷ്ടപരിഹാരം അനുവദിക്കുവാൻ ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ